# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 18.08.2026** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1) പൊതുമേഖലാ ബാങ്കുകളുടെ ഭാവി പ്രവർത്തനങ്ങളും ബാങ്കിംഗ് പരിഷ്കരണങ്ങളും അവലോകനം ചെയ്യുന്നതിനായി ഉന്നതതല സമിതി രൂപീകരിക്കുമെന്ന് കേന്ദ്ര സർക്കാർ.

**Central Government to set up a high-level committee to review future operations and banking reforms of public sector banks.**

2) മാനവികതയ്ക്ക് മുൻഗണന നൽകിയുള്ള സുസ്ഥിര വികസനം ഉറപ്പാക്കാൻ, നയം, സാങ്കേതികവിദ്യ, ജനപങ്കാളിത്തം എന്നിവയുടെ ഏകോപനം അനിവാര്യമെന്ന് ബ്രിക്സ് യോഗത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്.

**Union Environment Minister Bhupender Yadav stresses the need to integrate policy, technology, and public participation at the BRICS meeting to ensure sustainable development prioritizing humanity.**

3) ഡൽഹിയിൽ വിദ്യാർത്ഥി പ്രതിഷേധത്തിനിടെയുണ്ടായ പോലീസ് നടപടികളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും പരിശോധിക്കാൻ ഉന്നതതല സമിതി രൂപീകരിക്കുമെന്ന് സുപ്രീം കോടതി.

**Supreme Court to form a high-level panel to investigate police action and violence against women during student protests in Delhi.**

4) ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങൾക്കായി കർഷകർക്ക് നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകണമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

**Union Agriculture Minister Shivraj Singh Chouhan calls for training farmers in innovative technologies for quality agricultural produce.**

5) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നിന്നും നേരിട്ടുള്ള കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് തുടക്കമായി. മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.

**Direct export-import operations begin at Vizhinjam International Seaport; Chief Minister V. D. Satheesan inaugurates the service.**

6) ദേശീയ കായിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മലയാളി താരങ്ങളായ ട്രീസ ജോളിയും, മുഹമ്മദ് അജ്മലിനും ഉൾപ്പെടെ 17 പേർക്ക് അർജുന അവാർഡ്.

**National Sports Awards announced; 17 sportspersons, including Keralite athletes Treesa Jolly and Muhammed Ajmal, win the Arjuna Award.**

*********************

## NIRMALA SITHARAMAN

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൻറെ ഭാഗമായി പൊതുമേഖലാ ബാങ്കുകളുടെ ഭാവി പ്രവർത്തനങ്ങളും ബാങ്കിംഗ് പരിഷ്കരണങ്ങളും അവലോകനം ചെയ്യുന്നതിനായി ഉന്നതതല സമിതി രൂപീകരിക്കുമെന്ന് കേന്ദ്ര സർക്കാർ. ന്യൂഡൽഹിയിൽ പൊതുമേഖലാ ബാങ്ക് കോൺക്ലേവ് ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനാണ് ഇക്കാര്യം അറിയിച്ചത്. കിട്ടാക്കടങ്ങൾ എക്കാലത്തെയും താഴ്ന്ന നിലയിലായതിനാൽ ഇന്ത്യയിലെ ബാങ്കുകൾ ശക്തമായ സ്ഥിതിയിലാണെന്നും കേന്ദ്രധനമന്ത്രി പറഞ്ഞു.

*****************

## BRICS - MEETING (INTRO)

മാനവികതയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള സുസ്ഥിര വികസനം ഉറപ്പാക്കുന്നതിന് നയം, സാങ്കേതികവിദ്യ, ജനപങ്കാളിത്തം എന്നിവയുടെ ഏകോപനം അനിവാര്യമാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. ഇന്ത്യയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ നടന്ന 12-ാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2005-നും 2022-നും ഇടയിൽ ഇന്ത്യയുടെ മലിനീകരണ പുറന്തള്ളൽ തീവ്രത 37 ശതമാനത്തിലധികം കുറയ്ക്കാൻ സാധിച്ചതായി കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ്....)

അംഗരാജ്യങ്ങളിലെ മികച്ച പരിസ്ഥിതി സംരക്ഷണ മാതൃകകളും ശാസ്ത്രീയ കണ്ടെത്തലുകളും ഉൾക്കൊള്ളുന്ന നാല് വിജ്ഞാന സമാഹാരങ്ങൾ യോഗത്തിൽ പ്രകാശനം ചെയ്തു. "പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കാം" എന്ന പ്രധാന പ്രമേയത്തിലാണ് ചർച്ചകൾ നടന്നത്.

******************

## SC - NEET PROTEST

ഡൽഹിയിൽ വിദ്യാർത്ഥി പ്രതിഷേധത്തിനിടെയുണ്ടായ പോലീസ് നടപടികളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും പരിശോധിക്കാൻ ഉന്നതതല സമിതി രൂപീകരിക്കുമെന്ന് സുപ്രീം കോടതി. വിരമിച്ച ജഡ്ജിമാർ, മുൻ ഡിജിപി, മുൻ സിബിഐ ഡയറക്ടർ എന്നിവരടങ്ങുന്ന സമിതിയുടെ ഉത്തരവ് ഉടൻ പുറപ്പെടുവിക്കും. ജൂലൈ 20-ന് കോക്രോച്ച് ജനത പാർട്ടി നടത്തിയ പാർലമെൻ്റ് മാർച്ചിൻ്റെ ദൃശ്യങ്ങളും സിസിടിവി റെക്കോർഡിംഗുകളും സമിതിക്ക് നൽകാനും കോടതി നിർദേശിച്ചു.

******************

## SHIVRAJ-ICAR

ആഗോള വിപണിയ്ക്ക് അനുയോജ്യമായ, ഉയർന്ന ഗുണനിലവാരമുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ കർഷകർക്ക് നവീന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകണമെന്ന് കേന്ദ്ര കാർഷിക മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് വാർഷിക പൊതുയോഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന വിത്തിനങ്ങൾ വികസിപ്പിക്കുന്നതിൽ ഐ.സി.എ.ആർ കൂടുതൽ ഗവേഷണം നടത്തണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

******************

## INDIA SINGAPORE ROUNDTABLE

നാലാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ സമ്മേളനം മറ്റന്നാൾ സിംഗപ്പൂരിൽ നടക്കും. കേന്ദ്രമന്ത്രിമാരായ നിർമ്മല സീതാരാമൻ, എസ്. ജയശങ്കർ, പിയൂഷ് ഗോയൽ, വ്യവസായ സഹമന്ത്രി ജിതിൻ പ്രസാദ എന്നിവർ പങ്കെടുക്കും. സന്ദർശന വേളയിൽ കേന്ദ്രമന്ത്രിമാർ സിംഗപ്പൂർ നേതൃത്വത്തെ സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യ-സിംഗപ്പൂർ ബിസിനസ് റൗണ്ട്ടേബിളി'ന്റെ നാലാം പതിപ്പും ഇതോടൊപ്പം നടക്കും.

******************

## KERALAM-SEAPORT

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നിന്നും നേരിട്ടുള്ള കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് തുടക്കമായി. മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. തുറമുഖത്ത് നിന്നും നേരിട്ടുള്ള ആദ്യ എക്സിം കണ്ടെയ്നറിൻറെ ഫ്ലാഗ് ഓഫും മുഖ്യമന്ത്രി നിർവ്വഹിച്ചു. യൂറോപ്പിലേക്കുള്ള ആദ്യ രണ്ട് കണ്ടെയ്നറുകളാണ് തുറമുഖത്ത് നിന്ന് യാത്ര തിരിച്ചത്. ഇതോടെ യൂറോപ്പിലേക്കുള്ള ചരക്ക് ഗതാഗത സമയം 28 ദിവസമായി കുറയും. നിലവിൽ ഫുൾ കണ്ടെയ്നർ ലോഡുകൾ മാത്രമായിരിക്കും വിഴിഞ്ഞം വഴി കൈകാര്യം ചെയ്യുക.

******************

## CABINET_KERALA

കൊച്ചിൻ ഷിപ്യാർഡിന്, ഷിപ് ബ്ലോക്ക് നിർമിക്കുന്നതിനായി കൊച്ചി രാമൻതുരുത്തിൽ 18.16 ഏക്കർ ഭൂമി പാട്ടത്തിന് നൽകാൻ അനുമതി നൽകി സംസ്ഥാന മന്ത്രിസഭാ യോഗം. 5,000 കോടിയുടെ നിക്ഷേപം ഇവിടെയുണ്ടാകുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ വാർത്തസമ്മേളനത്തിൽ പറഞ്ഞു. ഓണം പ്രമാണിച്ച് അടുത്ത മാസത്തേക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ നാളെ മുതൽ വിതരണം ചെയ്യുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

******************

## NATIONAL SPORTS AWARD

2025 ലെ ദേശീയ കായിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മലയാളി ബാഡ്മിന്റൺ താരം ട്രീസ ജോളി, അത്‌ലറ്റ് മുഹമ്മദ് അജ്മൽ ഉൾപ്പെടെ പതിനേഴ് കായികതാരങ്ങൾക്ക് അർജുന പുരസ്കാരം ലഭിച്ചു. മുതിർന്ന ഇന്ത്യൻ ഫുട്ബോൾ താരം ഇനൈസ്വ അരുമൈനായഗം സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരത്തിന് അർഹനായി. അത്‌ലറ്റിക്സ് പരിശീലകൻ പർവീർ സിംഗ്, ബോക്സിംഗ് പരിശീലകൻ ഛോട്ടേ ലാൽ യാദവ്, ഷൂട്ടിംഗ് പരിശീലക നേഹ നന്ദ്കുമാർ ചവാൻ എന്നിവർക്കാണ് ദ്രോണാചാര്യ അവാർഡ്.

******************

## CRICKET

ഇന്ത്യ-ശ്രീലങ്ക ഒന്നാം ടെസ്റ്റിന്റെ നാലാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യയ്ക്ക് 288 റൺസിന്റെ ലീഡായി. രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ 193 റൺസിന് പുറത്തായി.
4 വിക്കറ്റെടുത്ത പേസർ അഷിത ഫെർണാണ്ടോയും
3 വിക്കറ്റെടുത്ത പ്രഭാത് ജയസൂര്യയുമാണ് ഇന്ത്യയെ തകർത്തത്; ഋഷഭ് പന്താണ് ടോപ് സ്കോറർ. മറുപടി ബാറ്റിംഗിൽ നാലാം ദിനം കളി നിർത്തുമ്പോൾ ശ്രീലങ്ക 4 വിക്കറ്റ് നഷ്ടത്തിൽ 84 റൺസെടുത്തിട്ടുണ്ട്.

******************

## AADHAR UPDATE - CHILDREN (INTRO)

സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ നിർബന്ധിത ബയോമെട്രിക് വിവരങ്ങൾ പുതുക്കൽ ദൗത്യത്തിലൂടെ രാജ്യത്തെ രണ്ട് കോടിയിലധികം കുട്ടികളുടെ വിവരങ്ങൾ പുതുക്കി സുപ്രധാന നേട്ടം കൈവരിച്ചതായി ആധാർ അധികൃതർ. വിശദാംശങ്ങളിലേക്ക്.

(വോയ്സ്)

*രാജ്യത്തെ ഒന്നര ലക്ഷത്തിലധികം സ്കൂളുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിച്ച പ്രത്യേക ക്യാമ്പയിനുകളിലൂടെയാണ് രണ്ട് കോടിയിലധികം കുട്ടികളുടെ ബയോമെട്രിക് വിവരങ്ങൾ പുതുക്കിയത്. അഞ്ച് വയസ്സ് തികയുമ്പോഴും പിന്നീട് 15 വയസ്സ് തികയുമ്പോഴുമാണ് ബയോമെട്രിക് വിവരങ്ങൾ നിർബന്ധമായും പുതുക്കേണ്ടത്. സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും മത്സരപ്പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും ഇത് അത്യാവശ്യമാണ്. 7 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികൾക്കുള്ള ആധാർ സേവന നിരക്കുകൾ ഒഴിവാക്കിയിട്ടുണ്ട്.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

******************

## RAJNATH-PARANG LA

എൻ.സി.സി പെൺകുട്ടികൾക്കായി സംഘടിപ്പിക്കുന്ന 250 കിലോമീറ്റർ ദൈർഘ്യമുള്ള ***'അപരാജിത - പരംഗ് ലാ 2026'*** ഹിമാലയൻ സാഹസിക ട്രെക്കിംഗ് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ ഫ്ലാഗ് ഓഫ് ചെയ്തു. 30 ദിവസം നീളുന്ന ദൗത്യത്തിൽ മൂന്ന് സേനകളുടെയും വനിതാ ഓഫീസർമാരുടെ നേതൃത്വത്തിൽ 28 കേഡറ്റുകളാണ് പങ്കെടുക്കുന്നത്. വനിതകളുടെ കരുത്തിൻറെയും നേതൃപാടവത്തിൻറെയും പ്രതീകമാണ് ഈ യാത്രയെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

******************

## PIB FACT CHECK

രാജ്യത്തെ പൗരന്മാർക്കായി പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് മാസത്തെ സൗജന്യ റീചാർജ് പ്രഖ്യാപിച്ചുവെന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന്

കേന്ദ്ര സർക്കാർ. നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിച്ച വീഡിയോ ആണിതെന്നും പ്രധാനമന്ത്രി ഇത്തരമൊരു നിക്ഷേപ പദ്ധതിയോ ആനുകൂല്യമോ പ്രഖ്യാപിച്ചിട്ടില്ലെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം അറിയിച്ചു.

******************

## IRAN - HORMUZ

അമേരിക്കയുമായി ഒപ്പുവെച്ച ധാരണാപത്രത്തിലെ എല്ലാ വ്യവസ്ഥകളും പൂർണ്ണമായി പാലിക്കപ്പെടുന്നത് വരെ ഹോർമുസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാൻ. വിദേശ ഉപരോധങ്ങൾ പൂർണ്ണമായും നീക്കുക, സൈനിക നടപടികൾ അവസാനിപ്പിക്കുക തുടങ്ങി 14 വ്യവസ്ഥകളാണ് ധാരണാ പത്രത്തിലുള്ളത്. എന്നാൽ, താൽക്കാലിക കരാറിന്റെ 60 ദിവസത്തെ കാലാവധി അവസാനിച്ചിട്ടും അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കപ്പെടാതെ തുടരുന്ന സാഹചര്യത്തിലാണ് ഇറാൻറെ നീക്കം.

******************

## INDONESIA-EARTHQUAKE

ഇന്തോനേഷ്യയിൽ വീണ്ടും ഭൂചലനം. നോർത്ത് സുമാത്ര പ്രവിശ്യയിലുള്ള നിയാസ് ദ്വീപിന് സമീപം 6.1 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ ആളപായമോ നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ മാസം ആദ്യം ഇന്തോനേഷ്യയിലെ ഈസ്റ്റ് നൂസ തെങ്ഗാര പ്രവിശ്യയിലുണ്ടായ ശക്തമായ ഭൂചലനത്തിൽ 68 പേരാണ് മരിച്ചത്.

******************

## HARYANA-CHILD TRAFFICKING

പഞ്ചാബ് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന അന്തർസംസ്ഥാന മനുഷ്യക്കടത്ത് സംഘത്തെ പിടികൂടി ഹരിയാന പോലീസ്. മുഖ്യ സൂത്രധാരനായ പർഗത് സിംഗിനെ പഞ്ചാബിലെ മുക്ത്സറിൽ നിന്ന് അറസ്റ്റ് ചെയ്തു. പഞ്ചാബ് , മഹാരാഷ്ട്ര , ഗുജറാത്ത് ഉൾപ്പെടെ 10-ഓളം സംസ്ഥാനങ്ങളിൽ കണ്ണികളുള്ള സംഘം ഇന്ത്യയിലുടനീളം 50 കൈക്കുഞ്ഞുങ്ങളെ വിറ്റതായാണ് വിവരം.

കുട്ടികളെ നിയമവിരുദ്ധമായി ദത്തെടുത്ത 5 മാതാപിതാക്കൾ ഉൾപ്പടെ 21 പേരെ കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുണ്ട്.

*****************

**SENSEX + GOLD**

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. സെൻസെക്സ് 493 പോയിന്റ് ഇടിഞ്ഞ് 77,235 ലും നിഫ്റ്റി 133 പോയിന്റ് നഷ്ടത്തിൽ 24,155 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 160 രൂപ വർധിച്ച് ഒരു ലക്ഷത്തി 14,320 രൂപയും ഗ്രാമിന് 14,290 രൂപയുമാണ് ഇന്നത്തെ വില.

*****************

*************

****